(ബി) എങ്കിൽ ഇപ്രകാരം കുറവുവരുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ഫണ്ടുവിനിയോഗം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം ക്രിയാത്മക നടപടി സ്വീകരിച്ചിട്ടുണ്ട് ; ഇല്ലെന്നുള്ളതാണ് ഈ സാമ്പത്തിക വർഷത്തെ നാളിതുവരെയുള്ള കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകുന്ന വസ്തുത ; ഇക്കാര്യത്തിൽ സർക്കാരിന്റെ വിശദീകരണം എന്താണ് ;

(സി) ധന വകുപ്പ് ഫണ്ട് നൽകാൻ നിബന്ധനകൾ ഏർപ്പെടുത്തുന്നതാണോ ഇതിന് കാരണം ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ധന വകുപ്പ് ഫണ്ട് നൽകാൻ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടില്ല.

അങ്കമാലി - മഞ്ഞപ്ര ഗ്രാമ പഞ്ചായത്തിൽ അറവുശാല

278 (3565) ശ്രീ. ജോസ് തെറ്റയിൽ : താഴെകാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അങ്കമാലി നിയോജക മണ്ഡലത്തിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ആധുനിക രീതിയിലുള്ള അറവുശാല നിർമ്മിക്കുന്നതിനായി തുക അനുവദിച്ചു കിട്ടുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിക്കുന്നതിലുള്ള കാലതാമസം വിശദമാക്കാമോ ?

ഉത്തരം

മഞ്ഞപ്ര ഗ്രാമപഞ്ചായത്തിലെ ചാറ്റുപാടത്ത് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലത്ത് മിഷൻ 676 പദ്ധതിയിലുൾപ്പെടുത്തി ആധുനിക രീതിയിലുള്ള അറവ്ശാല സ്ഥാപിക്കുന്നതിന് 27-8-2014-ന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ശുചിത്വ മിഷന് സമർപ്പിച്ചു. എന്നാൽ അറവുശാല നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തിയ റിപ്പോർട്ട് കൂടി ആവശ്യമുള്ളതിനാൽ മണ്ണ് പരിശോധന ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് സിവിൽ എഞ്ചിനീയറിംഗ് വിഭാഗം, തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തുന്നതിന് മഞ്ഞപ്രഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly